(സി) 14-10-2003-നുശേഷമുണ്ടായിട്ടുള്ള ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ)-ന്റെ റിട്ടയർമെന്റ് വേക്കൻസികളിലേയ്ക്ക് യോഗ്യരായ ഡിപ്പാർട്ട്മെന്റിൽ അദ്ധ്യാപകരെ താമസിയാതെ നിയമിക്കുന്നതാണ്.

ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം

75 [1479] ശ്രീ. കെ. സുധാകരൻ:

,, കടവൂർ ശിവദാസൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

ശ്രീമതി ശോഭനാ ജോർജ്ജ്:

,, മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി അദ്ധ്യാപക നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം മലയാളം ഹയർസെക്കണ്ടറി ടീച്ചർ (ജൂനിയർ) തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) അതിലേയ്ക്ക് പ്രമോഷൻവഴി നികത്തിയ ഒഴിവുകൾ എത്രയാണെന്നും, പ്രസ്തുത റൂൾ നിലവിൽ വന്നതിനുശേഷം മലയാളം ഹയർസെക്കണ്ടറി ടീച്ചർ (സീനിയർ) തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) പ്രമോഷൻവഴി നികത്തിയ ഒഴിവുകൾ എത്രയാണ്;

(ഡി) ഹയർസെക്കണ്ടറി സ്കൂളുകളിലെ നിലവിലുള്ള ആകെ മലയാളം ജൂനിയർ ടീച്ചർ തസ്തിക എത്രയാണെന്നും, സീനിയർ ടീച്ചർ തസ്തിക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (മലയാളം) ജൂനിയർ തസ്തികകളിൽ 108 ഒഴിവുകൾ നിലവിലുണ്ടായിരുന്നു.

(ബി) ജൂനിയർ തസ്തികയിലേയ്ക്ക് തസ്തിക മാറ്റംവഴി 28 ഒഴിവുകൾ നികത്തി. സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ഹയർസെക്കണ്ടറി ടീച്ചർ (മലയാളം) തസ്തികയിൽ 228 ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) 58 ഒഴിവുകൾ.

(ഡി) ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ (മലയാളം) തസ്തികകൾ 161-ഉം ഹയർസെക്കണ്ടറി ടീച്ചർ (മലയാളം) തസ്തികകൾ 261-ഉം ആണ് ഉള്ളത്.

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly